**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 523** **06-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ മെച്ചപ്പെട്ട ആശുപത്രികൾ കുറവാണ് എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. കമ്പനി ലഭ്യമാക്കിയ പുതുക്കിയ ലിസ്റ്റിൽ 65 ആശുപത്രികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ കാലാവധിയ്ക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. പദ്ധതിയിലേക്ക് പുതിയതായി ഉൾപ്പെടുത്തിയ ആശുപത്രികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.** |
| (ബി) | തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളുടെ പട്ടികയിൽ ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രികൾ ഇല്ലെന്നും നേത്രരോഗ ആശുപത്രികളുടെ എണ്ണം കൂടുതലാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യം സംജാതമായതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട ആശുപത്രികൾ കുറവാണ് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. SP Fort, COSMO, പി.ആർ.എസ്, ഗോകുലം മെഡിക്കൽ കോളേജ്, അനന്തപുരി തുടങ്ങിയ പ്രധാന ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള ചർച്ചകൾ സജീവമായി കമ്പനി നടത്തിവരുകയാണ്. മെഡിസെപ് ഗുണഭോക്താക്കളിൽ പകുതിയിലധികം വരുന്നത് പെൻഷൻകാരായതിനാൽ നേത്ര സംബന്ധമായി ചികിത്സകൾ കൂടുതലായി ആവശ്യം ഉണ്ടാകും എന്നും ആയത് അടുത്തുള്ള നേത്രരോഗ ആശുപത്രികളിൽ തന്നെ ചികിത്സ ലഭ്യമാക്കുക എന്ന കാരണത്താലുമാണ് ഇത്തരം ആശുപത്രികളുടെ എണ്ണം കൂടിയത്. |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ എം പാനൽ ചെയ്യാൻ താൽപര്യപ്പെടുന്ന സ്വകാര്യ ആശുപത്രികളെ മാനദണ്ഡങ്ങൾക്കു വിധേയമായി ഇൻഷുറൻസ് കമ്പനി ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. കൂടുതൽ കണ്ണാശുപത്രികൾ പദ്ധതിയിൽ ചേരുവാൻ സന്നദ്ധരായതാണ് കണ്ണാശുപത്രികൾ കൂടാനുള്ള മറ്റൊരു കാരണം. |
| (സി) | സർക്കാർ ഉദ്യോഗസ്ഥരായ മാതാപിതാക്കൾക്ക് അവരുടെ അവിവാഹിതരായ മക്കളെയും നിയമപരമായി വിവാഹമോചനം നേടിയ മക്കളെയും മെഡിസെപ്പിൽ ഉണഭോക്താവായി ഉൾപ്പെടുത്തുവാൻ കഴിയുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | KGSMA Rule 1960 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ് സർക്കാർ ജീവനക്കാരുടെ ആശ്രിതരെ നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | വിരമിച്ച സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതരായ മാതാപിതാക്കളെയും കുട്ടികളെയും മെഡിസെപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) | **പെൻഷൻകാർക്ക് അവരുടെ പങ്കാളിയേയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും (പ്രായപരിധി ബാധകമല്ല) മാത്രമേ പദ്ധതിയിൽ ഉണഭോക്താവായി ചേർക്കാൻ സാധിക്കുകയുള്ളു.** |
| (ഇ) | മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതിയിൽ ഐ.പി. വിഭാഗം കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | **മെഡിസെപ് പദ്ധതിയിൽ ഐ പി വിഭാഗം ചികിത്സയാണ് നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഡേകെയർ ചികിത്സകൾ (ഡയാലിസിസ്, കീമോതെറാപ്പി, തിമിര ശസ്ത്രക്രിയ) എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ